**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1655** **08-10-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിനായി സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് അഞ്ച് ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാഭ്യാസ വകുപ്പ് റവന്യൂ വകുപ്പിൽ അടവാക്കേണ്ട കണ്ടിജൻസി ചാർജ് എത്രയാണെന്നും ആയത് അടവാക്കുന്നതിന് സ്വീകരിച്ച നടപടികളും അവയുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ; | (എ) | നിലമ്പൂർ സർക്കാർ കോളേജിന് അഞ്ച് ഏക്കർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ അടയ്ക്കേണ്ട കണ്ടിജൻസി ചാർജ് എത്രയാണെന്ന് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടില്ല. ആയത് സംബന്ധിച്ച വിവരം ലഭ്യമായാൽ കിഫ്ബി ഫണ്ടിൽ നിന്നും തുക അടയ്ക്കുന്നതിന് കോളേജിലെ കിഫ്ബി പദ്ധതിയുടെ നിർവഹണ ഏജൻസി ആയ KITCOയ്ക്ക് നിർദ്ദേശം നൽകുവാൻ കഴിയുന്നതാണ്. |
| (ബി) | മൂന്ന് വർഷമായി സൗജന്യ കെട്ടിടത്തിലാണ് നിലമ്പൂർ ഗവൺമെന്റ് കോളേജ് പ്രവർത്തിക്കുന്നത് എന്നതിനാലും പി.ജി. അടക്കമുള്ള കോഴ്സുകൾ പുതുതായി അനുവദിച്ച സാഹചര്യത്തിൽ സ്ഥലപരിമിതി ഉള്ളതിനാലും കോളേജിനായി ഏറ്റെടുക്കാനുദ്ദേശിച്ച സ്ഥലം പാട്ടത്തിനെടുത്ത് അവിടെ താൽക്കാലിക കെട്ടിട്ടം നിർമ്മിക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നിർദ്ദേശം നൽകുമോ; | (ബി) | കോളേജിനായി കണ്ടെത്തിയ ഭൂമി പാട്ടത്തിനെടുത്ത് അവിടെ താൽകാലികമായി കെട്ടിടം നിർമ്മാണം ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി പാട്ടത്തിനെടുത്ത് അവിടെ താൽകാലികമായി കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത കോളേജിന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ വൈകുന്നതിന് കാരണം വിദ്യാഭ്യാസ വകുപ്പ് കണ്ടിജൻസി ചാർജ് അടവാക്കാൻ താമസം വരുത്തുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റെല്ലാ അനുമതികളും ഉത്തരവുകളും ലഭിച്ച സാഹചര്യത്തിൽ അടിയന്തരമായി കണ്ടിജൻസി ചാർജ് അടവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ; | (സി) | കണ്ടിജൻസി ചാർജ് സംബന്ധിച്ച വിവരം മലപ്പുറം ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമായിട്ടില്ല. ആയതു ലഭ്യമായാൽ കിഫ്ബി ഫണ്ടിൽ നിന്നും തുക അടയ്ക്കുന്നതിന് കോളേജിലെ കിഫ്ബി പദ്ധതിയുടെ നിർവഹണ ഏജൻസി ആയ KITCOയ്ക്ക് നിർദ്ദേശം നൽകാവുന്നതാണ്. |
| (ഡി) | സ്ഥല പരിമിതിയും അസൗകര്യങ്ങളും മറികടക്കാൻ നിലവിൽ ഗവൺമെന്റ് കോളേജ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിന് വാടക നിശ്ചയിക്കുന്നതിനും പ്രസ്തുത കെട്ടിടത്തിനുള്ളിൽ തന്നെ കൂടുതൽ സ്ഥലം | (ഡി) | സ്വകാര്യ കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന കോളേജിന്റെ വാടക നിശ്ചയിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ അപേക്ഷ നൽകേണ്ടതാണ്. പൊതുമരാമത്ത് വകുപ്പ |

| | | | |
|---|---|---|---|
| | വാടകയ്ക്ക് ഏറ്റെടുക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇതിന് വാടക നിശ്ചയിച്ച നൽകുന്നത് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗമാണോയെന്നും അറിയിക്കാമോ? | | നിശ്ചയിക്കുന്ന വാടക നിരക്ക് സർക്കാർ അനുമതിയോടുകൂടി നൽകാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ